# ആന്ധ്രയിലെ ഒരു ഗ്രാമവും തടാകവും അറിയപ്പെടുന്നത് ഈ മലയാളി ഐഎഎസ് ഉദ്യോഗസ്ഥന്റെ പേരിൽ

രാജു മാത്യു
MAY 18, 2019 12:26 PM IST



അശോക് കുമാർ

ദുബായ് ● അശോക് കുമാറിനെക്കുറിച്ച് മലയാളിക്ക് അഭിമാനിക്കാം. ആന്ധ്രയിലെ ഒരു ഗ്രാമം അറിയപ്പെടുന്നത് അദ്ദേഹത്തിന്റെ പേരിലാണ്, അശോക് നഗർ. നിസാമാദ് ജില്ലയിലെ ഒരു തടാകത്തിന് പേരിട്ടിരിക്കുന്നത് അശോക് സാഗർ എന്നാണ്. ചെങ്ങന്നൂർ ഇടനാട് സ്വദേശിയായ ജി. അശോക് കുമാറിന്റെ പേര് എങ്ങനെ ആന്ധ്രയിലെ ഗ്രാമത്തിനും തടാകത്തിനും കിട്ടി എന്നത് മലയാളി അറിയേണ്ടതാണ്, അംഗീകരിക്കേണ്ടതാണ്. ഹൈദരാബാദിലെ ഔട്ടർ റിംഗ് റോഡിന്റെ സൃഷ്ടാവും മറ്റാരുമല്ല. 158 കിലോമീറ്ററിൽ എട്ടുവരി പാതയോടു കൂടി  നിർമിച്ച ഈ റോഡ് ഇന്ന് ഹൈദരാബാദിന്റെ വികസനത്തിന്റെ വലിയ മുഖമാണ്.

രാജ്യത്തിനു മുഴുവൻ ജലസമൃദ്ധി നൽകാനുള്ള ചുമതലയും ഇപ്പോൾ ഈ മലയാളിക്കാണ്. നാഷനൽ വാട്ടർമിഷൻ ഡയറക്ടറാണ് അശോക് കുമാർ. പവിത്ര നദിയായ ഗംഗയെ ശുദ്ധീകരിക്കാനുള്ള ചുമതലയും(നമാമി ഗംഗ) ഈ ചുമലിലാണ്. നാഷണൽ മിഷൻ ക്ലീൻ ഗംഗയുടെ(എൻഎംസിജി) പ്രോജക്ട് എക്സിക്യൂട്ടീവ് ഡയറക്ടറാണ് അദ്ദേഹം. ഇത്തവണ അർധകുംഭമേളയിൽ വാരണാസിയിൽ ഗംഗയിലെ ശുദ്ധജലം കണ്ട് പലരും ഒന്ന് അമ്പരന്നു. അതിനു കാരണക്കാരനായ അശോകുകുമാറിനും സംഘത്തിനും നിറഞ്ഞ പ്രശംസകളും കിട്ടി.



തിരുവനന്തപുരം എൻജിനിയറിങ് കോളജിലെ പഠനത്തിനു ശേഷം ഐഎഎസ് നേടി ആന്ധ്ര കേഡറിൽ ഉദ്യോഗസ്ഥനായ അശോക് കുമാർ തൊട്ടതെല്ലാം പൊന്നാക്കിയ ചരിത്രമാണുള്ളത്. ഒരോ ഫയിലിലും ഒരു മനുഷ്യമുഖം ഉണ്ടെന്ന് വിശ്വസിക്കുന്ന വ്യക്തി. ജനസേവകരേക്കാൾ ഒരുപടി കൂടി കടന്ന് ജനസേവനം നടത്തിയ ഉദ്യോഗസ്ഥൻ. അതുകൊണ്ടു തന്നെ മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൽ കലാം ഉൾപ്പടെയുള്ളവരുടെ പ്രശംസയും രാജ്യാന്തര അവാർഡുകളും അദ്ദേഹത്തെ തേടിയെത്തി. കേരളത്തിനും അദ്ദേഹം വഴി നേട്ടമുണ്ടായിട്ടുണ്ട്. 2011ൽ അദ്ദേഹം വ്യോമയാന വകുപ്പിൽ സെക്രട്ടറിയായിരുന്നപ്പോഴാണ് തിരുവനന്തപുരത്ത് എയർ ഇന്ത്യയുടെ എംആർഒ (വിമാനക്കേടുപാടു പോക്കുന്ന ഇടം) തുടങ്ങിയത്. കെ.സി വേണുഗോപാൽ എംപിയുടെ പിന്തുണയോടെയായിരുന്നു ഇതെന്ന് അദ്ദേഹം ഓർക്കുന്നു. കേരളത്തിനു വേണ്ടി ഉദ്ദേശിച്ചിട്ട് നടക്കാതെ പോയ നിരവധി പ്രോജക്ടുകളെക്കുറിച്ചും അദ്ദേഹത്തിന് വിഷമമുണ്ട്. ഇച്ഛാശക്തിയുള്ള നേതൃത്വം കൂടെയുണ്ടെങ്കിൽ മാറ്റങ്ങൾ എളുപ്പത്തിലാക്കാമെന്ന് അനുഭവത്തിലൂടെ അദ്ദേഹം തെളിയിക്കുന്നു. തിരുവനന്തപുരം എൻജിനിയറിങ് കോളജ് പൂർവവിദ്യാർഥി സംഘടന സീറ്റയുടെ വാർഷികം സീറ്റാഭിമാൻ-19ന്റെ മുഖ്യാതിഥിയായി എത്തിയ അദ്ദേഹം മനോരമയിലും അതിഥിയായി മനസ്സു തുറക്കുന്നു.

RELATED STORIES
അറേബ്യൻ ഗൾഫ് മേഖലയിൽ വിമാനങ്ങൾക്ക് മുന്നറിയിപ്പ്
കൈരളി അസോസിയേഷൻ ഇഫ്താർ
ദുബായ് എക്സ്പോ; സന്ദർശന സമയം 16 മണിക്കൂർ
യുഎഇ നിലപാടുകൾ പ്രശംസനീയം: കാന്തപുരം
ഇ-ക്രൈം: റിപ്പോർട്ട് ചെയ്ത സൈബർ കുറ്റങ്ങൾ 9046





Ad
Hotels in Mussoorie from ₹601 Book Now
Hotels in Stockholm from ₹2,567 Book Now
Hotels in Guwahati from ₹883 Book Now
KAYAK
Find Hotel Deals

FROM ONMANORAMA
UDF to sweep LS polls in Kerala: Manorama-Karvy survey
Woakes' five-wicket-haul helps England rout Pakistan 4-0
Big setback awaits Congress in Chhattisgarh: Exit polls
Nadal fends off Djokovic to land ninth Rome title
Powered by onmanorama






**സ്വന്തം പേരിൽ ആന്ധ്രയിൽ ഗ്രാമം ഉണ്ടായതിനെക്കുറിച്ച്**

2005ൽ കടപ്പയിലെ കലക്ടറായിരുന്നപ്പോഴാണ് സംഭവം. കടപ്പയിൽ നിന്ന് 60 കി.മി അകലെ ബോലഗുന്തി ചെറുകിലെ ഒരു കുഗ്രാമമുണ്ടായിരുന്നു. ആന്ധ്ര മുഖ്യമന്ത്രി വൈ.എസ്.രാജശേഖര റെഡ്ഡിയുടെ മണ്ഡലത്തിൽപ്പെട്ട ഇവിടേക്ക് ഒരു കലക്ടറും പോയിട്ടില്ലായിരുന്നു. കുന്നിൻ ചെരുവിലെ ഈ ഗ്രാമത്തിലേക്ക് റോഡു പോലുമില്ലായിരുന്നു. ആദ്യം പോയപ്പോൾത്തന്നെ ഇവിടെ ഗ്രാമീണർക്കായി എന്തെങ്കിലുമൊക്കെ ചെയ്യണമെന്ന്. പിന്നീട് കുറച്ചു കാലത്തിനുള്ളിൽ തന്നെ ഇവിടെ റോഡ് ഉൾപ്പടെയുള്ള വികസനപ്രവർത്തനങ്ങൾ നടത്തി. തുടർന്നാണ് മുഖ്യമന്ത്രി തന്നെ ആ ഗ്രാമത്തിന്റെ എന്റെ പേരു നൽകിയത്

**അശോക് സാഗറിനെക്കുറിച്ച്**

ഹൈദരാബാദിൽ നിന്ന് 170 കിലോമീറ്റർ അകലെ നിസാമാബാദ് ജില്ലയിലെ ജാൻകംപേട്ട വെറും കുഗ്രാമമായിരുന്നു. ഇവിടെയും 2003ൽ എത്തിയപ്പോഴാണ് പല വികസനപ്രവർത്തനങ്ങളും നടത്തിയത്. ഇവിടുത്തെ തടാകം മോടിയാക്കി ഏറ്റവും നല്ല ടൂറിസം പ്രോജക്ടാക്കി. അത് ദേശീയ തലത്തിൽ മൽസരത്തിനായും പരിഗണിക്കപ്പെട്ടു. ഇതിനെല്ലാം പകരമായി നാട്ടുകാർ സ്നേഹത്തോടെ ആവശ്യപ്പെട്ട് നൽകിയ പേരാണ് അശോക് സാഗറെന്ന്. പിന്നീടാണ് കടപ്പയിലെ കലക്ടറായി നിയമനം കിട്ടുന്നത്.

**വളരെ സന്തോഷം തോന്നിയ ജോലികൾ**

2001ൽ ഡയൽ യുവർ കലക്ടർ പദ്ധതി തുടങ്ങി. നാട്ടുകാരുടെ പരാതി കേൾക്കാനും പരിഹരിക്കാനും ആർക്കും ബന്ധപ്പെടാവുന്ന നമ്പർ നൽകി. നിസാമാബാദിൽ നിന്ന് ഇപ്പോഴും എന്നെ ആളുകൾ അവരുടെ ഒരോ ചടങ്ങുകൾക്കും ക്ഷണിക്കുന്നത് ഏറെ സന്തോഷം തരുന്നു. പതിനേഴു കൊല്ലമായി അവിടം വിട്ടിട്ട് എന്നോർക്കണം. അവിടെ ഒരു ബീഡി തെറുപ്പ് ഗ്രാമത്തിൽ കുട്ടികളെ സ്കൂളിൽ വിടാതെ ബാല വേല ചെയ്യിക്കുന്നത് ശ്രദ്ധയിൽപ്പെട്ട് പരിഹാരമുണ്ടാക്കി. സ്കൂളുകളും മറ്റും തുടങ്ങി. ഇപ്പോൾ ഒരു കുട്ടി പോലും ആ ഗ്രാമത്തിൽ ബീഡി തെറുക്കുന്നില്ല.

**ഗംഗാനദി ശുദ്ധീകരണം നടക്കുമോ**

ഇതു തുടർച്ചയായി നടക്കേണ്ട പ്രവർത്തനമാണ്. നാലു കൊല്ലം കൊണ്ട് അടിസ്ഥാന കാര്യങ്ങൾ ചെയ്യാനുള്ള പദ്ധതികളാണുള്ളത്. നിർമൽ ഗംഗ, അവിരാർ ഗംഗ എന്നിങ്ങനെയാണ് പദ്ധതികൾ. ഗംഗ ശുദ്ധീകരണമാണ് നിർമൽ ഗംഗ കൊണ്ട് ഉദ്ദേശിക്കുന്നത്. അവിരാർ ഗംഗയാകട്ടെ ഗംഗ വറ്റാതെ അവിരാമമായ ശുദ്ധജലം ഒഴുകാനുള്ള പദ്ധതികളും. 2035 വരെയുള്ള ജനസംഖ്യ മുന്നിൽക്കണ്ടാണ് നടപടികൾ. ഇന്ത്യൻ കരഭൂമിയുടെ 26% ഗംഗയുമായി ബന്ധപ്പെട്ടു കിടക്കുന്നു. 11 സംസ്ഥാനങ്ങൾ ഗംഗാ തടത്തിലുണ്ട്. ഇന്ത്യയിലെ ജലലഭ്യതയുടെ 28% ഗംഗയാണ് തരുന്നത്. ജനസംഖ്യയുടെ 43% ഗംഗാജലത്തെ ആശ്രയിക്കുന്നു. കൃഷിസ്ഥലത്തിന്റെ 57% ഗംഗയിലെ ജലം കൊണ്ടാണ് സമ്പുഷ്ടമായിരിക്കുന്നത്. 2525 കിലോമീറ്ററാണ് നീളം. യുപിയിൽ മാത്രം ആയിരം കിലോമീറ്ററുണ്ട്. 861404 ആണ് ക്യാച്ച്മെന്റ് ഏരിയ. 143 തരത്തിലുള്ള ശുദ്ധജല ജീവികളുടെ ആവാസ കേന്ദ്രവുമാണ് ഗംഗ. നദിയിലേക്കു വന്നെത്തുന്ന ഖരമാലിന്യവും ജലമാലിന്യവും തടയണം. അതിന് അതത്

മുനിസിപ്പാലിറ്റികളുമായി മാലിന്യ സംസ്കരണ പദ്ധതികൾ ചെയ്യുന്നു. ഫാക്ടറികളിൽ നിന്നു ഒഴുക്കിവിടുന്ന മാലിന്യങ്ങൾ തടയാനുള്ള പദ്ധതികളും പുരോഗമിക്കുന്നു. ഇതിനു പുറമെ വീടുകളിൽ നിന്നു പോലുമുള്ള മാലിന്യങ്ങൾ നീക്കാൻ മിഷൻ പണം ചെലവഴിക്കേണ്ട അവസ്ഥയാണ്.

**കുംഭമേളിലെ നടപടികൾ**

കാൺപുരിൽ ധാരാളം തുകൽ ഫാക്ടറികളുണ്ട്. ഇവിടെ നിന്ന് നേരെ നദിയിലേക്കാണ് മലിന ജലം ഒഴുക്കി വിടുന്നത്. ഇതു തടഞ്ഞു. ഇതിനൊപ്പം ഓവുചാലുകളിൽ നിന്ന് ഖരമാലിന്യം വരാതിരിക്കാൻ അരിപ്പകൾ വച്ചു. 25000 താൽക്കാലിക ശൌചാലയങ്ങളും 20000 വേസ്റ്റ് ബിനുകളും വച്ചു. വാരണാസിയിൽ 84 ഘാട്ടുകൾ ഉണ്ട്. ഇവ വൃത്തിയാക്കാൻ ടെൻഡർ നൽകി. ഇതോടെ മാലിന്യം നിന്നു. ജലം തെളിഞ്ഞു.

**കേരളത്തെക്കുറിച്ചുള്ള പദ്ധതികൾ**

തിരുവനന്തപുരം ഒരു ഏവിയേഷൻ ഹബാക്കാൻ ഏറ്റവും യോജിച്ച സ്ഥലമാണ്. ഇതിനായി 2012ൽ പദ്ധതിക്കായി പല ചർച്ചകളും നടത്തി. വിമാനത്താവള വികസനം സംബന്ധിച്ചും പദ്ധതിയുണ്ടായിരുന്നു. എന്നാൽ ഒന്നും നടന്നില്ല. വിവാദങ്ങൾക്ക് വലിയ താൽപര്യമില്ലാത്തതിനാൽ ഒന്നും കൂടുതൽ പറയുന്നില്ല.

കഴക്കൂട്ടം, നെടുമങ്ങാട് വഴി ഒരു ഔട്ടർ റിങ് റോഡിനും സാധ്യതയുണ്ട്. കേരളത്തിലെ പിഡബ്ല്യുഡി പ്രിൻസിപ്പൽ സെക്രട്ടറി കമൽ വി. റാവു അതിനായി ചില നീക്കങ്ങൾ നടത്തുന്നുണ്ട്.

**കുടുംബം**

ഡൽഹിയിൽ താമസം. ഭാര്യ ഡോ.ബിന്ദു ഗൈനക്കോളജിസ്റ്റ്. ഏക മകൻ ഗൗരവ്

ഡൽഹിയിൽ താമസം. ഭാര്യ ഡോ.ബിന്ദു ഗൈനക്കോളജിസ്റ്റ്. ഏക മകൻ ഗൗരവ്
സിംഗപ്പൂരിൽ എൻടിയു യൂണിവഴ്സിറ്റിയിൽ പഠിക്കുന്നു.

Advertisement
വിവാഹാലോചനകൾ തുടങ്ങിയോ..? മനസിനിണങ്ങിയ പങ്കാളിയെ കണ്ടെത്താൻ സൗജന്യമായി രജിസ്റ്റർ ചെയ്യൂ

TAGS: Uae News

തൽസമയ വാർത്തകൾക്ക് മലയാള മനോരമ മൊബൈൽ ആപ് ഡൗൺലോഡ് ചെയ്യൂ

2 comments livefyre

Sign in 4 people listening

+ Follow Post comment as...

Newest | Oldest

**Shaiju Kottukkal** 1 day ago
So, that's the reason some of the opposition leaders could drink water from Ganges. Why do our media hide the truth?